**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**
**തിരുവനന്തപുരം**

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:- സ്പെഷ്യാലിറ്റി കേഡർ- ഡോ. ദിവ്യ.വി.എസ്, അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൽട്ടന്റ് (റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ്) തസ്തികയിലേക്ക് സ്ഥാനം നൽകി പുനർ നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഉത്തരവ് നം. ഇഎ1- 33740/17/ആ.വ.ഡ തീയതി 12.07.2017
2. ഉത്തരവ് നം. ഇഎ2- 1717/17/ആ.വ.ഡ തീയതി 18.12.2017

**ഉത്തരവ് നം. ഇ.എ1- 33740/2017/ആ.വ.ഡ തീയതി 23.12.2017**

പരാമർശം (1) പ്രകാരം, തിരുവനന്തപുരം പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജനായ ഡോ. ദിവ്യ.വി.എസ് -നെ വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിലെ റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിൽ ജൂനിയർ കൺസൽട്ടന്റ് തസ്തികയിൽ സ്ഥാനം നൽകി നിയമന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, ഡോ. ദിവ്യ.വി.എസ് പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിന്നും വിടുതൽ ചെയ്ത് മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റ് (റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ്) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. പരാമർശം (2) ലെ ഉത്തരവ് പ്രകാരം, പാലോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോ. ദിവ്യ.വി.എസിനു പകരം അസിസ്റ്റന്റ് സർജനെ നിയമിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ പ്രസ്തുത സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്തിരിക്കുന്നു.

വയനാട് മാനന്തവാടി ജില്ലാ ആശുപത്രിയിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാത്തതിനാൽ ഡോ. ദിവ്യ.വി.എസ് -നു പകരം ജൂനിയർ കൺസൽട്ടന്റ് (റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ്) തസ്തികയിൽ മെഡിക്കൽ ആഫീസറെ നിയമിച്ച് ഉത്തരവായിരുന്നു.

ആയതിനാൽ ഡോ. ദിവ്യ.വി.എസിനെ **കോട്ടയം കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൽട്ടന്റ് (റേഡിയോ തെറാപ്പി/ റേഡിയോ ഡയഗ്നോസിസ്)** തസ്തികയിൽ പുനർ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. ദിവ്യ.വി.എസ് ജോലിയിൽ പ്രവേശിച്ച് ആർ.ടി.സി കൃത്യമായും അയച്ചു തരേണ്ടതാണ്. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവികളും ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

പരാമർശം (1) ലെ ഉത്തരവ് ഇപ്രകാരം ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**ഒപ്പ്**
**ഡോ. സരിത.ആർ.എൽ**
**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്

ഡോ. ദിവ്യ.വി.എസ്, അസിസ്റ്റന്റ് സർജൻ

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
3. ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ
4. ഫയൽ/ കരുതൽ ഫയൽ

**//അംഗീകാരത്തോടെ//**

സീനിയർ സൂപ്രണ്ട്